# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 300 — 02.03.2020 ൽ മറുപടിയ്ക്ക്

## വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**
ശ്രീ. സി. ദിവാകരൻ

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിലവർദ്ധനവ് പിടിച്ചു നിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സപ്ലൈകോ മുഖേന നടത്തുന്ന വിപണി ഇടപെടലുകൾ ചുവടെ വിശദമാക്കുന്നു.<br>പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ് സിഡി സാധനങ്ങളുടെ വില്പന വിലകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വർദ്ധിപ്പിച്ചിട്ടില്ല. ഇത് മൂലം, അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതു വിപണിയിൽ ഉയരുന്ന സാഹചര്യത്തിലും, സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നു.<br><br>വളരെ കുറഞ്ഞ വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി, ഇ-ടെൻഡറിന് പുറമെ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉദ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ സാധനങ്ങളുടെ (സവാള) വില അനിയന്ത്രിതമായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത് സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. |

<table>
<tr>
<td>(ബി)</td>
<td>ഏതെല്ലാം സാധനങ്ങളാണ് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;</td>
<td>(ബി)</td>
<td>സബ് സിഡി നിരക്കിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ പട്ടിക ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>വില</th></tr>
<tr><td>1</td><td>ചെറുപയർ</td><td>74.00</td></tr>
<tr><td>2</td><td>ഉഴുന്ന് ബോൾ</td><td>66.00</td></tr>
<tr><td>3</td><td>വൻകടല</td><td>43.00</td></tr>
<tr><td>4</td><td>വൻപയർ</td><td>45.00</td></tr>
<tr><td>5</td><td>തുവര പരിപ്പ്</td><td>65.00</td></tr>
<tr><td>6</td><td>മുളക്</td><td>75.00</td></tr>
<tr><td>7</td><td>മല്ലി</td><td>82.00</td></tr>
<tr><td>8</td><td>പഞ്ചസാര</td><td>22.00</td></tr>
<tr><td>9</td><td>വെളിച്ചെണ്ണ</td><td>46.00</td></tr>
<tr><td>10</td><td>ജയ അരി</td><td>25.00</td></tr>
<tr><td>11</td><td>കുറുവ അരി</td><td>25.00</td></tr>
<tr><td>12</td><td>മട്ട അരി</td><td>24.00</td></tr>
<tr><td>13</td><td>പച്ചരി</td><td>23.00</td></tr>
<tr><td>14</td><td>ആന്ധ്ര ഇതര ജയ അരി</td><td>25.00</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ ആവശ്യമെങ്കിൽ കീടനിയന്ത്രണ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD (Council for Food and Research Development) –ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്ക്, പിഴചുമത്തൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ